# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2698 — 10.07.2015-ൽ മറുപടിയ്ക്ക്

## മലയാളം മിഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം.പി. വിൻസന്റ് | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മലയാളം മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്;<br><br>(ബി) ഇതിന്റെ പ്രവർത്തനങ്ങളും ഭാഷാ പഠനത്തിന്റെ മാർഗ്ഗ രേഖ ഉൾപ്പെടെയുള്ള കാര്യങ്ങളും ക്രോഡീകരിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; | (എ) & (ബി) ലോകമെമ്പാടുമുള്ള പ്രവാസി മലയാളി കുട്ടികൾക്ക് മലയാളഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയപ്പെടുന്നതിനുമായി കേരള സർക്കാരിന്റെ സാംസ്കാരിക കാര്യ വകുപ്പിനു കീഴിൽ ആവിഷ്കരിച്ച നൂതന പദ്ധതിയാണ് മലയാളം മിഷൻ. മിഷന്റെ ഓഫീസ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. ഇന്ത്യയ്ക്കകത്തും വിദേശത്തും പഠനകേന്ദ്രങ്ങൾ ആരംഭിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. അധ്യാപകർക്കുള്ള പരിശീലനങ്ങളും പഠനസാമഗ്രികളും പഠനപ്രവർത്തനങ്ങൾക്കുവേണ്ട സഹായങ്ങളും മലയാളം മിഷൻ നൽകി വരുന്നു. മലയാളം മിഷന്റെ ദേശീയ പാഠ്യപദ്ധതി പ്രകാരമുള്ള കണിക്കൊന്ന, സൂര്യകാന്തി, ആമ്പൽ, നീല ക്കുറിഞ്ഞി എന്നീ നാല് പാഠപുസ്തകങ്ങളിലൂടെ പത്തു |

വർഷം നീണ്ടു നിൽക്കുന്ന പഠനത്തിൽ കൂടി കേരളത്തിലെ പത്താംക്ലാസിന്റെ നിലവാരത്തിന് തുല്യമായ നിലയിലേക്ക് പഠിതാവിന് എത്താൻ കഴിയുന്ന വിധത്തിലാണ് പാഠ്യപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. മലയാളം മിഷൻ പഠനകേന്ദ്രങ്ങളിലൂടെ പ്രവാസി മലയാളി കുട്ടികൾക്ക് മലയാളം മിഷന്റെ കോഴ്സ് പൂർത്തിയാവുന്ന മുറയ്ക്ക് പരീക്ഷകൾ നടത്തുകയും മൂല്യനിർണ്ണയം നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുകയും ചെയ്തുവരുന്നു.

(സി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഒരു വിദഗ്ധസമിതിയെ നിയോഗിക്കുമോ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പഠനവിഷയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(സി) & (ഡി) പ്രവാസി മലയാളി സംഘടനകളുമായി സഹകരിച്ച് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും പഠനകേന്ദ്രങ്ങൾക്ക് സഹായങ്ങൾ നൽകുന്ന കാര്യങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുവാൻ മലയാളം മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ